04/07/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 286(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5325/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 28**

ശ്രീ. ഷിബു ജോർജ്ജ്,
തെങ്ങനാൽ ഹൗസ്,
ചെങ്ങോലപാടം,
മുളന്തുരുത്തി പി.ഒ.,
എറണാകുളം – 682 314.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് ട്രഷറി ഓഫീസർ,
സബ് ട്രഷറി ഓഫീസ്,
കോലഞ്ചേരി – 682 311.

2) അപ്പീൽ അധികാരി &
ജില്ലാ ട്രഷറി ഓഫീസർ,
ജില്ലാ ട്രഷറി ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ,
മുടവൂർ പി.ഒ., മൂവാറ്റുപുഴ – 686 669.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 21/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01/04/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 28/06/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷിബു ജോർജ്ജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷികൾ നൽകിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.10.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. Copy of page of Mustering Register for Pensioners (Service) from the year 1996 and up to 2006 showing the date and signature of service Pensioner P.U. Annamma (PPO No. 3495).

ii. Copy of entries in disbursement half of Pension Book kept in the Treasury of Pensioner P.V. Annamma period from the year 1996 January to 2006 June.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.10.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ വളരെ വർഷങ്ങളിലേതായിട്ടുള്ളതിനാൽ ടി രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമുള്ള രേഖകളുടെ പകർപ്പ് ഫീസ് ഒടുക്കി എടുക്കാവുന്നതാണെന്നാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 21.11.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 21.12.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 13.10.2021–ലെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, പെൻഷണറായിരുന്ന അന്നമ്മ പി.യു. (PPO No.MVZ 3495) എന്നയാളുടെ 1996 വർഷം മുതൽ 2006 വർഷം വരെ ഒപ്പുകൾ രേഖപ്പെടുത്തിയ മസ്റ്ററിംഗ് രജിസ്റ്റർ ഉപയോഗിക്കാതിരുന്നതിനാൽ ലഭ്യമല്ലാ എന്നറിയിച്ചിട്ടില്ലെന്നും ടി അപേക്ഷയിൽ ആവശ്യപ്പെട്ട അന്നമ്മ പി.യു. എന്നയാളുടെ പെൻഷൻ ബുക്കിന്റെ (MVZ 3495) പകർപ്പ് 18.10.2021–ലെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി നൽകിയ നിർദ്ദേശ പ്രകാരം 11.11.2021 തീയതിയിൽ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം മേൽ വിവരിച്ച മസ്റ്ററിംഗ് രജിസ്റ്റർ ഒഴികെയുള്ള ലഭ്യമായ രേഖകൾ ശരിയായ വിധം നൽകിയിട്ടുണ്ടെന്നും രേഖകൾ നേരിൽക്കണ്ട് പരിശോധിക്കുന്നതിന് ടിയാന് അവസരം നൽകിയിരുന്നുവെന്ന് അറിയിച്ചുവെന്നും 28.7.2021 തീയതിയിലും 9.8.2021 തീയതിയിലും മെയിൽ മുഖേന ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച ഹർജിക്കാരന്റെ അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് സബ് ട്രഷറി ഓഫീസർ അറിയിച്ചിട്ടുള്ളതാണെന്നും 11.10.2021 തീയതിയിലെ അപേക്ഷയിൽ ആവശ്യപ്പെട്ട 1996 വർഷം മുതൽ 2006 വർഷം വരെയുള്ള അന്നമ്മ പി.യു. (MVZ 3495) ന്റെ മസ്റ്ററിംഗ് രജിസ്റ്റർ ട്രഷറിയിൽ

ലഭ്യമല്ലായെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 16.04.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 21.11.2021-ലെ അപ്പീൽ അപേക്ഷയിൽ അന്നമ്മ പി.യു. എന്നയാളുടെ 1996 മുതൽ 2006 വർഷം വരെയുള്ള മസ്റ്ററിംഗ് രജിസ്റ്റർ, മരണ സർട്ടിഫിക്കറ്റ്, പെൻഷൻ ബുക്ക് എന്നിവയുടെ പകർപ്പ്, കുടുംബ പെൻഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ എന്നിവ ക്രമപ്രകാരം നൽകിയില്ലെന്നാണ് പരാതി ഉന്നയിച്ചതെന്നും ആയതിൻ പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങളും രേഖകളും പകർപ്പുകളും വ്യക്തമായും പൂർണ്ണമായും നൽകുവാനും ലഭ്യമല്ലാത്ത രേഖകളുടെ വിവരങ്ങൾ അപേക്ഷകനെ അറിയിക്കുവാനും 21.12.2021 തീയതി എസ്.പി.ഐ.ഒ. & സബ് ട്രഷറി ഓഫീസർ കോലഞ്ചേരിക്ക് നിർദ്ദേശം നൽകുകയും ആയത് ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്നും മേൽ നിർദ്ദേശ പ്രകാരം വിവരങ്ങൾ നൽകിയതായി 8.4.2022 തീയതിയിലെ കത്ത് പ്രകാരം എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി ബോധിപ്പിച്ച വസ്തുതകൾ (ഹർജിക്കാരന് ഹിയറിംഗിൽ പങ്കെടുക്കുവാൻ നിർദ്ദേശം നൽകി കമ്മീഷനിൽ നിന്നും നോട്ടീസ് അയച്ചിരുന്നുവെങ്കിലും ടിയാൻ ടി നോട്ടീസിന് മറുപടി നൽകുകയോ ഹിയറിംഗിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ല) എന്നിവ പരിശോധിച്ചതിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ രേഖകൾ എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നുവെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട 1996 മുതൽ 2006 വരെയുള്ള കാലയളവിൽ പി.യു. അന്നമ്മ ഒപ്പ് രേഖപ്പെടുത്തിയ മസ്റ്ററിംഗ് രജിസ്റ്ററിന്റെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കിയിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ പ്രധാന ആക്ഷേപം എന്ന് കാണുന്നു. എന്നാൽ മസ്റ്ററിംഗ് രജിസ്റ്റർ വർഷങ്ങളോളം സൂക്ഷിച്ചു വയ്ക്കാറില്ലെന്ന വസ്തുത പരിഗണിച്ചും മസ്റ്ററിംഗ് രജിസ്റ്റർ ഒഴികെയുള്ള ലഭ്യമായ മറ്റ് രേഖകൾ ഹർജിക്കാരന് എതിർകക്ഷികൾ നൽകിയിട്ടുള്ളത് പരിഗണിച്ചും എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION